പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 256

# 2025 - ലെ കേരള നദീ മാനേജ്മെന്റ് അതോറിറ്റി രൂപീകരണ ബിൽ

(ഡോ. എൻ. ജയരാജ്, എം.എൽ.എ. നോട്ടീസ് നൽകിയത്)

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2025

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 256

# 2025 - ലെ കേരള നദീ മാനേജ്മെന്റ് അതോറിറ്റി രൂപീകരണ ബിൽ

(ഡോ. എൻ. ജയരാജ്, എം.എൽ.എ. നോട്ടീസ് നൽകിയത്)

745/2025.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 256

# 2025-ലെ കേരള നദീ മാനേജ്മെന്റ് അതോറിറ്റി രൂപീകരണ ബിൽ

(ഡോ. എൻ. ജയരാജ്, എം.എൽ.എ. നോട്ടീസ് നൽകിയത്)

കേരള സംസ്ഥാനത്ത് നദികളുടെ ശോഷണം തടയുന്നതിനും പ്രകൃതിദത്തശുദ്ധജലം ലഭിക്കുന്നതിന് അവയെ മാലിന്യമുക്തമാക്കുന്നതിനും അവയുടെ പുനരുജ്ജീവനം ഉൾപ്പെടെയുള്ളവയ്ക്ക് സംരക്ഷണം ഉറപ്പാക്കുന്നതിനുമായി ഒരു അതോറിറ്റി രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ മറ്റ് കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—മനുഷ്യന്റെയും മൃഗങ്ങളുടെയും മറ്റ് ജീവജാലങ്ങളുടെയും ജീവൻ നിലനിർത്തുന്നതിനാധാരമായ കുടിവെള്ള ലഭ്യതയിലുള്ള ഗൗരവതരമായ ആശങ്കയ്ക്ക് പരിഹാരം ഉണ്ടാകണമെന്നതിനാലും;

അപകടകരമായ വിധത്തിൽ ഖര-ദ്രവ മാലിന്യങ്ങളാൽ നദികൾ മാലിന്യപ്പെട്ടുകൊണ്ടിരിക്കുന്നത് തടയേണ്ടത് അനിവാര്യമാകയാലും;

നദീതീരങ്ങളിലെ വ്യവസായവൽക്കരണ വികസന പ്രവർത്തനങ്ങൾക്ക് ന്യായമായ നിയന്ത്രണം ഏർപ്പെടുത്തണമെന്നതിനാലും;

കാർഷികമേഖലയുടെ നിലനിൽപ്പും പുരോഗതിയും കൈവരിക്കുന്നതിനും തദ്വാരാ സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷയും സുസ്ഥിരവികസനവും സാമ്പത്തിക ഉന്നമനവും നേടുന്നതിൽ ജലലഭ്യത ഉറപ്പാക്കണമെന്നതിനാലും;

നദി കയ്യേറ്റം തടയുന്നതിനും അവയിലേയ്ക്ക് ജലം എത്തിക്കുന്ന തോടുകളും കുളങ്ങളും നികത്തപ്പെടുന്നതുമൂലം ജലനിർഗ്ഗമന മാർഗ്ഗങ്ങൾ തടയപ്പെടുകയും പ്രസ്തുത ജലസ്രോതസ്സുകൾ വേനൽക്കാലത്ത് കഠിനമായി വരളുന്നതും മഴക്കാലങ്ങളിൽ രൂക്ഷമായ വെള്ളപ്പൊക്കം ഉണ്ടാകുന്നതുമായ സാഹചര്യം ഇല്ലാതാക്കുന്നതിനും;

സംസ്ഥാനത്തെ നദികൾ പൂർണ്ണതോതിൽ സംരക്ഷിക്കുന്നതിൽ വിവിധ വകുപ്പുകളുടെ ഏകോപനം സാധ്യമാക്കണമെന്നതിനാലും;

കുടിവെള്ളം ജീവന്റെ അടിസ്ഥാനഘടകമാകയാൽ ശുദ്ധജല ലഭ്യത മൗലീക അവകാശമാണെന്നത് ഭരണഘടന അനുച്ഛേദം 21-ൽ ഉൾച്ചേരുന്നതായി സുപ്രീംകോടതി വ്യക്തമാക്കിയിട്ടുള്ളതിനാലും;

ഭരണഘടനയുടെ നിർദ്ദേശക തത്വങ്ങളിലെ 48 എ, 51 എ(ജി) എന്നിവ പ്രകാരം തടാകങ്ങൾ, നദികൾ, വനങ്ങൾ, വന്യജീവികൾ തുടങ്ങിയവ ഉൾപ്പെടുന്ന പ്രകൃതിദത്ത പരിസ്ഥിതി സംരക്ഷിക്കേണ്ടത് ഓരോ സംസ്ഥാനത്തിന്റെയും അതിലെ പൗരന്റെയും കടമയാണെന്ന് പ്രഖ്യാപിച്ചിട്ടുള്ളതിനാലും;

കേരള സംസ്കൃതിയുടെ അടിസ്ഥാനമായ നദികളും നദീതീരങ്ങളും ഭാവിതലമുറയ്ക്കായി പരിരക്ഷിക്കപ്പെടണമെന്നുള്ളതിനാലും സംസ്ഥാനത്ത് ഒരു അതോറിറ്റി രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതും അതിന് ആനുഷംഗികവുമായ കാര്യങ്ങൾക്കുംവേണ്ടി വ്യവസ്ഥ ചെയ്യേണ്ടത് യുക്തമായിരിക്കയാൽ;

ഭാരത റിപ്പബ്ളിക്കിന്റെ എഴുപത്തിയാറാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

## അദ്ധ്യായം 1

## പ്രാരംഭം

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2025-ലെ കേരള നദീ മാനേജ്മെന്റ് അതോറിറ്റി രൂപീകരണ ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി നിശ്ചയിക്കുന്ന തീയതിയിൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റ് വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "നദീ മാനേജ്മെന്റ്" എന്നാൽ നഗരവത്കരണം, വ്യവസായവത്കരണം, അനിയന്ത്രിതമായ ജലചൂഷണം, അശാസ്ത്രീയമായ പ്രവൃത്തികൾ, മലിനീകരണം തുടങ്ങിയവയാൽ നദികളിലെ നീരൊഴുക്ക് തടസ്സപ്പെട്ട് ശോഷണം സംഭവിക്കുന്നത് തടയുന്നതിനും നദികളെ സംരക്ഷിച്ച് പരിപോഷിപ്പിക്കുന്നതിനുമുതകുന്ന പ്രവർത്തനങ്ങൾ എന്നർത്ഥമാകുന്നു;

(ബി) "നദീ മാനേജ്മെന്റ് അതോറിറ്റി" എന്നാൽ ഈ ആക്റ്റിലെ 3-ാം വകുപ്പ് പ്രകാരം രൂപീകരിച്ച അതോറിറ്റി എന്നർത്ഥമാകുന്നു;

(സി)"ജല മലിനീകരണം" എന്നാൽ മനുഷ്യർ ഉൾപ്പെടെയുള്ള ജീവജാല ങ്ങൾക്ക് ഉപയോഗിക്കുവാൻ കഴിയാത്തവിധം രാസപദാർത്ഥങ്ങൾ ഉൾപ്പെടെ ഖര-ദ്രവ വസ്തുക്കൾ കലർന്ന് ജലം മലിനമാകുന്ന പ്രക്രിയ എന്നർത്ഥമാകുന്നു;

(ഡി) "നദീ സംരക്ഷണം" എന്നാൽ നദികൾ സുസ്ഥിരമായി നിലനിൽക്കുന്നതിനും ഭാവിയിലെ ആവശ്യങ്ങൾക്കുംകൂടി ഉതകുംവിധം അതിലെ ജലം, അതിർത്തി/തീരം,

മണൽ എന്നിവയുടെ ഉപയോഗം അല്ലെങ്കിൽ അവയുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്ക് ന്യായമായ നിയന്ത്രണം ഏർപ്പെടുത്തുന്ന നടപടികൾ എന്നർത്ഥമാകുന്നു;

(ഇ) ''റെഗുലേഷൻ'' എന്നാൽ ഈ ആക്റ്റിൻ കീഴിൽ അതോറിറ്റി ഉണ്ടാക്കുന്ന റെഗുലേഷൻ എന്നർത്ഥമാകുന്നു;

(എഫ്) ''ചട്ടം'' എന്നാൽ ഈ ആക്റ്റിൻ കീഴിൽ സർക്കാരിനാൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങൾ എന്നർത്ഥമാകുന്നു;

(ജി)"സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(എച്ച്) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളിലോ റെഗുലേഷനുകളിലോ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(ഐ) "സംസ്ഥാനം" എന്നാൽ കേരള സംസ്ഥാനം എന്നർത്ഥമാകുന്നു;

(ജെ) "ഗസറ്റ്" എന്നാൽ കേരള സർക്കാർ ഗസറ്റ് എന്നർത്ഥമാകുന്നു;

(കെ) ''വിജ്ഞാപനം'' എന്നാൽ കേരള സർക്കാരിന്റെ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന വിജ്ഞാപനം എന്നർത്ഥമാകുന്നു.

## അദ്ധ്യായം 2

## നദീ മാനേജ്മെന്റ് അതോറിറ്റി

3. നദീ മാനേജ്മെന്റ് അതോറിറ്റിയുടെ രൂപീകരണം.—(1) സർക്കാർ, ഈ ആക്റ്റ് പ്രാബല്യത്തിൽ വന്നശേഷം ഗസറ്റ് വിജ്ഞാപനം വഴി, ഈ ആക്റ്റ് പ്രകാരമുള്ള അതിന്റെ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനും അധികാരങ്ങൾ വിനിയോഗിക്കുന്നതിനുമായി "കേരള നദീ മാനേജ്മെന്റ് അതോറിറ്റി" എന്ന പേരിൽ ഒരു അതോറിറ്റി രൂപീകരിക്കേണ്ടതാണ്.

(2)അതോറിറ്റി ശാശ്വത പിൻതുടർച്ചാവകാശത്തോടും പൊതു മുദ്രയോടും കൂടിയതും കരാറുകളിൽ ഏർപ്പെടുന്നതിനും സ്ഥാവരജംഗമ സ്വത്തുക്കൾ ആർജ്ജിക്കുന്നതിനും കൈവശം വയ്ക്കുന്നതിനും കൈയൊഴിയുന്നതിനുമുള്ള അധികാരത്തോടു കൂടിയതുമായ ഒരു ഏകാംഗീകൃത നികായമായിരിക്കുന്നതും പ്രസ്തുത പേരിൽ വ്യവഹരിക്കപ്പെടുകയും ചെയ്യേണ്ടതുമാകുന്നു.

4. അതോറിറ്റിയിലെ അംഗങ്ങൾ.—(1) അതോറിറ്റിയിൽ ഇനിപ്പറയുന്ന പ്രകാരമുള്ള അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(എ) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ജില്ലാ ജഡ്ജിയുടെ പദവിയിൽ കുറയാത്ത പദവിയിൽ നിന്നും വിരമിച്ച ജഡ്ജി - ചെയർമാൻ;

(ബി) റവന്യൂ, ജലവിഭവം, പരിസ്ഥിതി, തദ്ദേശ സ്വയംഭരണം, വനം, കൃഷി, മരാമത്ത്, വിനോദസഞ്ചാരം, ആരോഗ്യം എന്നീ വകുപ്പുകളുടെ വകുപ്പ് മേധാവി- എക്സ്-ഒഫീഷ്യോ അംഗം;

(സി) ചീഫ് എഞ്ചിനീയർ, ജലവിഭവ വകുപ്പ് -എക്സ്-ഒഫീഷ്യോ അംഗം;

(ഡി) നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസിലെ ശാസ്ത്രജ്ഞരിൽ നിന്നും നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ-എക്സ്-ഒഫീഷ്യോ അംഗം;

(ഇ) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റിൽ നിന്നും ജിയോഇൻഫോർമാറ്റിക്സിൽ വൈദഗ്ദ്ധ്യം നേടിയിട്ടുള്ള ഒരാൾ-എക്സ്-ഒഫീഷ്യോ അംഗം;

(എഫ്) മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് -എക്സ്-ഒഫീഷ്യോ അംഗം;

(ജി)സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് ആന്റ് മാനേജ്മെന്റിൽ റിവർ ഹൈഡ്രോളജി ശാസ്ത്രജ്ഞരിൽ നിന്നും നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ-എക്സ്-ഒഫീഷ്യോ അംഗം.

(2) സർക്കാരിന്, നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ അതോറിറ്റിയെ സഹായിക്കുന്നതിന് ഒരു സെക്രട്ടറിയേയും ആവശ്യമായേക്കാവുന്ന വിദഗ്ദ്ധർ, പ്രൊഫഷണലുകൾ ഉൾപ്പെടെയുള്ള മറ്റ് ജീവനക്കാരെയും നിയമിക്കാവുന്നതാണ്.

(3) (2)-ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെടുന്ന സെക്രട്ടറി, ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള യോഗ്യതകളോടു കൂടിയതും അങ്ങനെയുള്ള നിബന്ധനകളിന്മേലും ഉപാധികളിന്മേലും ഔദ്യോഗിക ഗസറ്റ് വിജ്ഞാപനം വഴി, സർക്കാർ നിയമിക്കേണ്ടതുമാണ്.

(4) റെഗുലേഷനുകളാൽ നിർണ്ണയിക്കപ്പെട്ട പ്രകാരം അതോറിറ്റിയുടെ ഭരണം നിർവ്വഹിക്കുന്നതിനും അതോറിറ്റിയുടെ തീരുമാനങ്ങൾ നടപ്പാക്കുന്നതിനും ചെയർപേഴ്സണോ അതോറിറ്റിയോ ഏൽപ്പിക്കാവുന്ന ഏതെങ്കിലും കാര്യത്തിന്റെ നടത്തിപ്പിനും സെക്രട്ടറി ഉത്തരവാദിയായിരിക്കുന്നതാണ്.

5. <u>അതോറിറ്റിയിലെ അംഗങ്ങളുടെ കാലാവധിയും സേവന വേതന വ്യവസ്ഥകളും.</u>—(1) അതോറിറ്റിയിലെ അംഗങ്ങളുടെ കാലാവധി മൂന്ന് വർഷം ആയിരിക്കുന്നതാണ്:

എന്നാൽ സർക്കാരിന് യുക്തമെന്ന് തോന്നുന്നപക്ഷം കാലാവധി അങ്ങനെയുള്ള കാലയളവിലേയ്ക്ക് നീട്ടി നൽകാവുന്നതാണ്.

(2) എക്സ്-ഒഫീഷ്യോ അംഗം ഒഴികെയുള്ള ഏതൊരു അംഗത്തിനും സ്വന്തം കൈപ്പടയിൽ സർക്കാരിലേയ്ക്ക് എഴുതി അറിയിച്ചുകൊണ്ട് അദ്ദേഹത്തിന്റെ ഔദ്യോഗിക സ്ഥാനം രാജിവയ്ക്കാവുന്നതാണ്:

എന്നാൽ, രാജിക്കുള്ള നോട്ടീസ് നൽകിയ ഒരംഗം, അദ്ദേഹത്തിന്റെ രാജി സർക്കാർ അംഗീകരിക്കുന്നതുവരെ തൽസ്ഥാനത്ത് തുടരേണ്ടതാണ്:

എന്നുമാത്രമല്ല, അങ്ങനെയുള്ള ഒഴിവിൽ നിയമിക്കപ്പെടുന്നയാൾ ആരുടെ സ്ഥാനത്തേക്കാണോ നിയമിക്കപ്പെട്ടത് ആ വ്യക്തിയുടെ ശേഷിക്കുന്ന കാലയളവിലേയ്ക്ക് മാത്രം ഔദ്യോഗിക സ്ഥാനം വഹിക്കേണ്ടതാണ്.

(3) സർക്കാരിന്, ഏതെങ്കിലും അംഗത്തെ, അദ്ദേഹം,—

(എ) ഒരു നിർദ്ധനനായി പ്രഖ്യാപിക്കപ്പെടുകയോ;

(ബി) ശാരീരികമോ മാനസികമോ ആയ അവശതമൂലം ജോലിയിൽ തുടരുന്നതിന് അയോഗ്യനായി തീരുകയോ;

(സി) അസാന്മാർഗ്ഗിക പ്രവർത്തനം ഉൾപ്പെടുന്നതായി സർക്കാർ കരുതുന്ന ഒരു കുറ്റത്തിനോ സാമ്പത്തിക ക്രമക്കേടുകൾക്കോ ശിക്ഷിക്കപ്പെടുകയോ;

(ഡി) സ്ഥിരബുദ്ധി ഇല്ലാതായി തീരുകയും അധികാരിതയുള്ള ഒരു കോടതിയിൽ അപ്രകാരം പ്രഖ്യാപിക്കപ്പെടുകയോ;

(ഇ) തൽസ്ഥാനത്ത് തുടരുന്നത് പൊതു താല്പര്യത്തിന് ഹാനികരമാംവിധം ഔദ്യോഗിക സ്ഥാനം ദുരുപയോഗപ്പെടുത്തിയതായി സർക്കാരിന് ബോദ്ധ്യപ്പെടുകയോ;

(എഫ്) സ്വജനപക്ഷപാതമോ അഴിമതിയോ നടത്തിയെന്ന് സർക്കാരിന് ബോദ്ധ്യപ്പെടുകയോ;

ചെയ്യുന്നപക്ഷം നീക്കം ചെയ്യാവുന്നതാണ്.

(4) അതോറിറ്റി ചെയർമാന്റെയും അംഗങ്ങളുടെയും ശമ്പളവും ബത്തകളും മറ്റ് സേവന വ്യവസ്ഥകളും 7-ാം വകുപ്പ് പ്രകാരം പ്രത്യേക ക്ഷണിതാവായോ നിരീക്ഷകനായോ യോഗത്തിൽ പങ്കെടുക്കുന്നവർക്കും റെഗുലേഷനുകളാൽ നിർണ്ണയിക്കാവുന്ന പ്രകാരമായിരിക്കുന്നതാണ്.

(5) അതോറിറ്റി കാര്യനിർവ്വഹണത്തിനായി അതിന്റേതായ നടപടിക്രമങ്ങൾ റെഗുലേഷനുകളാൽ ചിട്ടപ്പെടുത്തേണ്ടതാണ്.

6. അതോറിറ്റി യോഗം.—(1) അതോറിറ്റി, റെഗുലേഷനുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള സമയങ്ങളിലും സ്ഥലങ്ങളിലും യോഗം ചേരേണ്ടതും അതിന്റെ യോഗങ്ങളിൽ നടത്തേണ്ട കാര്യനിർവ്വഹണം ആവശ്യമായ ക്വാറം എന്നിവ സംബന്ധിച്ച് അങ്ങനെയുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതുമാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള അതോറിറ്റി യോഗം കുറഞ്ഞത് മൂന്ന് മാസത്തിലൊരിക്കൽ ചേരേണ്ടതാണ്.

(3) അങ്ങനെയുള്ള അതോറിറ്റി യോഗങ്ങളിൽ ചെയർമാൻ ആദ്ധ്യക്ഷം വഹിക്കേണ്ടതാണ്.

(4) ഏതെങ്കിലും കാരണത്താൽ അതോറിറ്റിയുടെ ഏതെങ്കിലും യോഗത്തിൽ ചെയർമാന് ഹാജരാകാൻ കഴിയാതെ വരുന്ന സംഗതിയിൽ വൈസ്ചെയർമാനോ അദ്ദേഹത്തിന്റെയും അഭാവത്തിൽ യോഗത്തിൽ ഹാജരായിട്ടുള്ള അംഗങ്ങളിൽ നിന്ന് യോഗം തീരുമാനിക്കുന്ന ഒരംഗമോ യോഗത്തിൽ ആദ്ധ്യക്ഷം വഹിക്കേണ്ടതാണ്.

(5) അതോറിറ്റിയുടെ ഏതെങ്കിലും യോഗത്തിന് മുമ്പാകെ വരുന്ന എല്ലാ വിഷയങ്ങളും ഹാജരായി വോട്ട് ചെയ്യുന്ന അംഗങ്ങളുടെ ഭൂരിപക്ഷ വോട്ടിന്റെ അടിസ്ഥാനത്തിൽ തീർപ്പാക്കേണ്ടതാണ്.

(6) (5)-ാം ഉപവകുപ്പ് പ്രകാരം അങ്ങനെയുള്ള വോട്ടെടുപ്പിൽ തുല്യത വരുന്ന പക്ഷം ചെയർമാനോ, വൈസ്ചെയർമാനോ അല്ലെങ്കിൽ ആദ്ധ്യക്ഷം വഹിക്കുന്നയാൾക്കോ ഒരു കാസ്റ്റിംഗ് വോട്ട് രേഖപ്പെടുത്താവുന്നതാണ്.

(7) അതോറിറ്റിയുടെ എല്ലാ ഉത്തരവുകളും തീരുമാനങ്ങളും സെക്രട്ടറിയോ ഇതിലേയ്ക്കായി ചെയർമാൻ യഥാവിധി അധികാരപ്പെടുത്തിയിട്ടുള്ള അതോറിറ്റിയുടെ മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ പ്രമാണീകരിക്കേണ്ടതാണ്.

7. <u>പ്രത്യേക ക്ഷണിതാവായോ, നിരീക്ഷകരായോ ക്ഷണിക്കാമെന്ന്.</u>— അതോറിറ്റി ഏതെങ്കിലും ജില്ലയിൽ യോഗം ചേരുമ്പോൾ അതിന്റെ നടപടിക്രമങ്ങളിൽ സംബന്ധിക്കുന്നതിന് ഇനിപ്പറയുന്നവരെ പ്രത്യേക ക്ഷണിതാവായോ, നിരീക്ഷകരായോ ക്ഷണിക്കാവുന്നതാണ്, അതായത്:—

(എ) ജില്ലയിലെ ബന്ധപ്പെട്ട നിയോജകമണ്ഡലങ്ങളെ പ്രതിനിധീകരിക്കുന്ന ലോക്സഭാ അംഗങ്ങൾ;

(ബി) ജില്ലയിലെ ബന്ധപ്പെട്ട നിയോജകമണ്ഡലങ്ങളെ പ്രതിനിധീകരിക്കുന്ന നിയമസഭാ അംഗങ്ങൾ;

(സി) ജില്ലാ കളക്ടർ;

(ഡി) ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്;

(ഇ) ജില്ലയിലെ ബന്ധപ്പെട്ട മുനിസിപ്പാലിറ്റികളിലെ ചെയർമാൻമാരും ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് എന്നിവയിലെ പ്രസിഡന്റുമാരും;

(എഫ്) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ജില്ലയിലെ അറിയപ്പെടുന്ന പരിസ്ഥിതി പ്രവർത്തകർ.

8. <u>അതോറിറ്റിക്ക് ഉപസമിതികൾ രൂപീകരിക്കാമെന്ന്.</u>—(1) അതോറിറ്റിക്ക് ആവശ്യമെന്ന് കരുതുന്ന സന്ദർഭങ്ങളിൽ ഈ ആക്റ്റിന്റെ ഏതെങ്കിലും വിഷയത്തിന്മേൽ അന്വേഷണത്തിനും റിപ്പോർട്ടിംഗിനുമായി യുക്തമെന്ന് തോന്നുന്നത്രയും അംഗങ്ങളെ ഉൾപ്പെടുത്തി ഉപസമിതികൾ രൂപീകരിക്കാവുന്നതാണ്.

(2) ഉപസമിതിക്ക് ഏതെങ്കിലും വിദഗ്ദ്ധരുടെ സേവനം ലഭിക്കണമെന്നോ അഭിപ്രായം തേടണമെന്നോ ഉള്ള പക്ഷം അങ്ങനെയുള്ള വിദഗ്ദ്ധരെ ആവശ്യമാകുന്ന അങ്ങനെയുള്ള കാലയളവിലേയ്ക്കും അങ്ങനെയുള്ള രീതിയിലും അതോറിറ്റിയുടെ അറിവോടെയും സമ്മതത്തോടെയും ഉപസമിതികളുമായി സഹകരിപ്പിക്കാവുന്നതുമാണ്.

(3) (2)-ാം ഉപവകുപ്പ് പ്രകാരം ഉപസമിതി നിശ്ചയിക്കുന്ന കാലയളവിൽ സേവനം ലഭ്യമാക്കുന്ന വിദഗ്ദ്ധർക്ക് യോഗങ്ങളിൽ പങ്കെടുക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ നിർണ്ണയിച്ചിട്ടുള്ള നിരക്കിൽ യാത്രാബത്തയും ഫീസും നൽകാവുന്നതാണ്.

(4) (1)-ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെടുന്ന ഉപസമിതി അതിന് അതത് സമയങ്ങളിൽ അതോറിറ്റി നൽകുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതും അപ്രകാരം ഏതൊരു സമിതിയുടെ ഘടനയും കാലയളവും നിയമനവും വ്യത്യാസപ്പെടുത്തുന്നതിനോ റദ്ദാക്കുന്നതിനോ അതോറിറ്റിക്ക് അധികാരമുണ്ടായിരിക്കുന്നതുമാണ്.

(5) (1)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിക്കപ്പെടുന്ന ഉപസമിതിയുടെ യോഗങ്ങളിൽ അദ്ധ്യക്ഷത വഹിക്കുന്നയാളെ അതോറിറ്റിക്ക് നിശ്ചയിക്കാവുന്നതാണ്.

(6) റെഗുലേഷനുകളാൽ നിർണ്ണയിക്കപ്പെടുന്ന പ്രകാരം ഉപസമിതികൾ യോഗം ചേരേണ്ടതും നടപടിക്രമം പാലിക്കേണ്ടതുമാണ്.

## അദ്ധ്യായം 3

## അതോറിറ്റിയുടെ ചുമതലകളും അധികാരങ്ങളും

9. അതോറിറ്റിയുടെ ചുമതലകൾ.—തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും അതോറിറ്റി ഇനിപ്പറയുന്ന പ്രകാരമുള്ള ചുമതലകൾ നിർവ്വഹിക്കുകയോ നിർവ്വഹിക്കപ്പെടുകയോ ചെയ്യേണ്ടതാണ്, അതായത്:—

(എ) സംസ്ഥാനത്തെ നദികളുടെ ഉത്ഭവസ്ഥാനം മുതലുള്ള അതിർത്തി ബന്ധപ്പെട്ട വകുപ്പുകളുമായി ചേർന്ന് നിർണ്ണയിക്കുക;

(ബി) നദികളുടെ സ്രോതസ്സുകൾ, നിർഗ്ഗമന മാർഗ്ഗങ്ങൾ, കൈവഴികൾ, തോടുകൾ എന്നിവ ഉൾപ്പെടുന്ന സ്ഥലജല വിനിയോഗ ഭൂപടം സർക്കാർ വകുപ്പുകളും ബന്ധപ്പെട്ട ഏജൻസികളുമായും ചേർന്ന് തയ്യാറാക്കുക;

(സി) സംസ്ഥാനത്തെ നദീതട സംരക്ഷണവുമായി ബന്ധപ്പെട്ട് മാസ്റ്റർപ്ലാൻ തയ്യാറാക്കുക;

(ഡി) നാഷണൽ റിവർ നെറ്റ് വർക്കിൽ ഉൾപ്പെട്ടതും ഉൾപ്പെടുത്തുവാനുള്ളതുമായ നദികളുടെ വിശദാംശം ശേഖരിച്ച് അവയ്ക്കായി മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിന് കേന്ദ്രസർക്കാരിന് ശിപാർശകൾ നൽകുന്നതിനായി സംസ്ഥാനസർക്കാരിന് സമർപ്പിക്കുക;

(ഇ) സംസ്ഥാനത്തെ നദികളിലെ നീരൊഴുക്ക് സംബന്ധിച്ച് നടത്തിയിട്ടുള്ള പഠനങ്ങൾ പരിശോധിക്കുകയും നദിയുടെ സ്വാഭാവിക ഒഴുക്കിനെ തടസ്സപ്പെടുത്തുന്ന ഘടകങ്ങൾ കണ്ടെത്തി അവ നീക്കം ചെയ്യുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുക;

(എഫ്) നദികളുമായി ബന്ധപ്പെട്ട ഇടുങ്ങിയ കൈവഴികൾ, ശാഖകൾ, കലുങ്കുകൾ എന്നിവയിലെ നിർമ്മാണ പ്രവൃത്തികൾ, നദിക്ക് കുറുകെയുള്ള പാലങ്ങൾ, തടയണകൾ, ചെക്ക് ഡാമുകൾ എന്നിങ്ങനെയുള്ള വാട്ടർ സ്ട്രക്ച്ചറുകളുടെ ഓഡിറ്റിംഗ് നടത്തി നദിയുടെ ഒഴുക്കിന് ദോഷകരമാകുന്നവ പുനർനിർമ്മിക്കുകയോ ഒഴിവാക്കുകയോ ചെയ്യുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകുക;

(ജി) നദീതീര സംരക്ഷണത്തിൽ സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ വിലയിരുത്തുകയും അതിന് വകുപ്പുകളുടെ സഹകരണത്തോടെ മേൽനോട്ടം വഹിക്കുകയും ബന്ധപ്പെട്ട പ്രവൃത്തികൾ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യുക;

(എച്ച്) നദി കയ്യേറ്റങ്ങൾ കണ്ടെത്തുന്നതിനും ശിക്ഷാനടപടികൾ അവലോകനം ചെയ്യുന്നതിനും ബന്ധപ്പെട്ട വകുപ്പുകളുടെ സഹകരണം തേടുക;

(ഐ) കോടതി നിർദ്ദേശപ്രകാരമുള്ള നദീകയ്യേറ്റമൊഴിപ്പിക്കൽ പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളുക;

(ജെ) (എച്ച്) ഇനം പ്രകാരമുള്ള നദീകയ്യേറ്റ കണക്കുകൾ അവലോകനം ചെയ്ത് കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള കാലക്രമം നിശ്ചയിച്ച് ഭൂമി ഡീമാർക്കേറ്റ് ചെയ്യുന്നതിന് റവന്യൂ, പോലീസ്, ജലവിഭവം, വനം, തദ്ദേശ സ്വയംഭരണം എന്നീ വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥ ടീം രൂപീകരിക്കുവാൻ സർക്കാരിന് നിർദ്ദേശം നൽകുകയും ടീമിന്റെ പ്രവർത്തനത്തിന് മേൽനോട്ടം വഹിക്കുകയും ചെയ്യുക;

(കെ) നദികളിലെ ജലമലിനീകരണം സംബന്ധിച്ച് വ്യക്തികൾ/വ്യാപാര സ്ഥാപനങ്ങൾ/കമ്പനികൾ എന്നിവയ്ക്കെതിരെ നിലവിലുള്ള കേസിന്റെ നടപടി പരിശോധിക്കുക;

(എൽ) നദികളിലെയും നദീതീരങ്ങളിലെയും മാലിന്യനിക്ഷേപം തടയുന്നതിൽ ബന്ധപ്പെട്ട വകുപ്പുകൾ സ്വീകരിച്ചുവരുന്ന നടപടികൾ അവലോകനം ചെയ്ത് കൂടുതൽ ഫലപ്രദമായ നടപടികൾ സംബന്ധിച്ച് സർക്കാരിന് ശിപാർശ നൽകുകയും അക്കാര്യത്തിൽ ബന്ധപ്പെട്ട വകുപ്പുകളുടെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുകയും ചെയ്യുക;

(എം) സംസ്ഥാനത്ത് നടപ്പാക്കിയിട്ടുള്ള ജലശുദ്ധീകരണ പദ്ധതികളുടെ ഓഡിറ്റ് നടത്തുകയും അതിലെ അപാകതകൾക്ക് പരിഹാരം നിർദ്ദേശിക്കുകയും ചെയ്യുക;

(എൻ) 2023-ലെ കേരള പൊതുജനാരോഗ്യ ആക്റ്റിലെ (2023-ലെ 28-ാം നമ്പർ ആക്റ്റ്) സെക്ഷൻ 15-ലെ ജലസുരക്ഷയുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ പ്രവർത്തനം അവലോകനം ചെയ്യുക;

(ഒ) നദികളിൽ മാലിന്യം ഒഴുക്കുന്ന കാരണത്താൽ സ്റ്റോപ്പ് മെമ്മോ നൽകിയിട്ടുള്ള കമ്പനികൾ/വ്യവസായ സ്ഥാപനങ്ങൾ/വ്യാപാര സ്ഥാപനങ്ങൾ തുടങ്ങിയവയിന്മേലുള്ള തുടർനടപടി അവലോകനം ചെയ്യുകയും ഏതെങ്കിലും തരത്തിൽ മാലിന്യം നദികളിലേയ്ക്കോ നദീതീരങ്ങളിലേയ്ക്കോ ഒഴുക്കുന്നത് പൂർണ്ണമായും തടയുവാൻ നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകുകയും ചെയ്യുക;

(പി) നദികളുടെ സമീപമുള്ള വ്യവസായ/വാണിജ്യ സ്ഥാപനങ്ങളുടെ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ തുടരെ വീക്ഷിക്കുന്നതിന് സർവെയലൻസ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും ട്രീറ്റ് ചെയ്ത ജലമാണോ അവ പുറന്തള്ളുന്നതെന്ന് പരിശോധിക്കുകയും ചെയ്യുക;

(ക്യു) നദികൾക്ക് കുറുകെയുള്ള പാലങ്ങളിൽ നിന്നും ഖര-ദ്രവ മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് തടയുന്നതിനുള്ള നിരീക്ഷണ ക്യാമറ സംവിധാനം കാര്യക്ഷമമാണോ എന്ന് പരിശോധിക്കുകയും പുതുതായി സ്ഥാപിക്കേണ്ട സ്ഥലങ്ങളും അഥവാ ഇടങ്ങളും സംബന്ധിച്ച റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുകയും ചെയ്യുക;

(ആർ) നദികളിൽ അടിഞ്ഞുകൂടുന്ന ചെളി, മണൽ, എക്കൽ തുടങ്ങിയവ കൃത്യമായ ഇടവേളകളിൽ നിർമ്മാർജ്ജനം ചെയ്യുന്ന പ്രവൃത്തികൾ അവലോകനം ചെയ്യുക;

(എസ്) നദീതീരങ്ങളിൽ പ്രളയശേഷം അടിഞ്ഞുകൂടുന്ന അവശിഷ്ടങ്ങൾ നീക്കം ചെയ്യുന്ന പ്രവൃത്തികൾ പുനരവലോകനം ചെയ്ത് നിർദ്ദേശങ്ങൾ സർക്കാരിന് സമർപ്പിക്കുക;

(ടി) സംസ്ഥാനത്തെ നദീ പുനരുജ്ജീവന പദ്ധതികൾ അവലോകനം ചെയ്ത് അവ മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുക;

(യു) നദികളിലെ ജലം ഉൾക്കൊള്ളുന്നതിനുള്ള ശേഷി സംബന്ധിച്ച റിപ്പോർട്ടുകൾ പരിശോധിച്ച് അതിലുള്ള ഏറ്റക്കുറച്ചിലുകൾ പരിഹരിക്കുന്നത് സംബന്ധിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുക;

(വി) നദികളുമായി ബന്ധപ്പെടുത്തി ഗ്രൗണ്ട് വാട്ടർ റീചാർജ്ജിംഗ് നടപടികൾ ത്വരിതപ്പെടുത്തുക;

(ഡബ്ല്യു) ഓരോ നദിയുടെയും പ്രത്യേകതയ്ക്കനുസൃതമായി ശാസ്ത്രീയ സംരക്ഷണ മാർഗ്ഗങ്ങൾക്ക് രൂപം നൽകുക;

(എക്സ്) സാന്റ് മൈനിംഗ് ശാസ്ത്രീയമായതും കൃത്യതയുള്ളതുമാണെന്ന് ഉറപ്പാക്കുന്നതിന് ഓഡിറ്റിംഗ് നടപടികൾ സ്വീകരിക്കുക;

(വൈ) നദീ സംരക്ഷണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സംസ്ഥാനത്തെ പരിസ്ഥിതി പ്രവർത്തകരുമായി സംവാദം നടത്തി ജനകീയ പങ്കാളിത്തത്തോടെയുള്ള നദീ സംരക്ഷണ പദ്ധതികൾ ആവിഷ്കരിക്കുക;

(ഇസഡ്) കാലാവസ്ഥാ വ്യതിയാനംമൂലം നദികൾക്കുണ്ടാകുന്ന പ്രത്യാഘാതം കുറയ്ക്കുന്നത് സംബന്ധിച്ച ക്രിയാത്മക നിർദ്ദേശങ്ങൾ സമർപ്പിക്കുക.

10. അതോറിറ്റിയുടെ അധികാരങ്ങൾ.—(1) തത്സമയം പ്രാബല്യത്തിലുള്ള ഏതൊരു നിയമത്തിലെയും വ്യവസ്ഥകൾക്ക് വിധേയമായി അതോറിറ്റിക്ക് താഴെപ്പറയുന്ന അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(i) അതോറിറ്റിക്ക് 9-ാം വകുപ്പ് പ്രകാരമുള്ള ഏതെങ്കിലും ചുമതലകൾ നിർവ്വഹിക്കുന്നതിനായി അതിന് ആവശ്യമെന്ന് കരുതുന്ന അപ്രകാരമുള്ള ഉചിതമായ നടപടികൾ സ്വീകരിക്കുവാൻ അധികാരമുണ്ടായിരിക്കുന്നതാണ്.

(ii) നദീ സംരക്ഷണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഈ ആക്റ്റിലെ വ്യവസ്ഥകൾക്കനുസൃതമായി ആവശ്യമായ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനും അന്വേഷണം നടത്തുന്നതിനും ശിപാർശ ചെയ്യുന്നതിനും ഉത്തരവിടുന്നതിനും അതോറിറ്റിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

(iii) ഈ ആക്റ്റിലെ വ്യവസ്ഥകളുടെ ഏതെങ്കിലും ലംഘനമോ ആജ്ഞാ ലംഘനമോ ക്രമക്കേടുകളോ അന്വേഷിക്കുന്നതിനോ അന്വേഷിപ്പിക്കുന്നതിനോ ഉത്തരവിടുന്നതിന് അതോറിറ്റിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

(iv) (ii), (iii) ഖണ്ഡങ്ങൾ പ്രകാരം അതോറിറ്റി പുറപ്പെടുവിക്കുന്ന ഉത്തരവുകൾ യാതൊരു കോടതിയിലും ചോദ്യം ചെയ്യുവാൻ പാടുള്ളതല്ല.

(v) അതോറിറ്റിക്ക് ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിൽ ബന്ധപ്പെട്ട വകുപ്പുകൾ, അധികാരസ്ഥാനങ്ങൾ എന്നിവർക്ക് നിർദ്ദേശം നൽകാവുന്നതും അങ്ങനെയുള്ള നിർദ്ദേശങ്ങൾ പാലിക്കപ്പെടാത്ത സംഗതിയിൽ അവ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരാവുന്നതുമാണ്.

(vi) അതോറിറ്റിയും അതിലെ ചുമതലപ്പെട്ടവരും എടുക്കുന്ന നടപടികളും ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുംവേണ്ടി അതോറിറ്റിയെ സഹായിക്കുന്നതിന് ബന്ധപ്പെട്ട എല്ലാ സർക്കാർ വകുപ്പുകളും സംസ്ഥാന പോലീസ് സേനയും ബാദ്ധ്യസ്ഥ മായിരിക്കുന്നതാണ്.

(vii) അതോറിറ്റി ഉത്തരവാകുന്ന സംഗതിയിൽ അന്വേഷണ ഉദ്യോഗസ്ഥൻ അല്ലെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ ക്ഷമതയുള്ള ഉദ്യോഗസ്ഥൻ, അതതു സംഗതി പോലെ അന്വേഷണം നടത്തുകയോ അന്വേഷണം നടത്തിക്കുകയോ ചെയ്യേണ്ടതും അതോറിറ്റി നിശ്ചയിക്കുന്ന വിഷയങ്ങൾ അപ്രകാരമുള്ള സമയക്രമത്തിനകം റിപ്പോർട്ട് അതോറിറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്.

(viii) അതോറിറ്റിക്ക് ഈ ആക്റ്റിലോ അതിൻകീഴിലുള്ള വ്യവസ്ഥകൾ പ്രകാരമോ ഉള്ള അധികാരങ്ങൾ വിനിയോഗിക്കുന്ന ആവശ്യത്തിലേയ്ക്ക് 1908-ലെ സിവിൽ നടപടി നിയമസംഹിതയിൻ (1908-ലെ 5-ാം കേന്ദ്ര ആക്റ്റ്) കീഴിൽ ഒരു വ്യവഹാരം വിചാരണ ചെയ്യുമ്പോൾ ഒരു സിവിൽ കോടതിക്കുള്ള എല്ലാ അധികാര ങ്ങളും താഴെപ്പറയുന്ന കാര്യങ്ങളെ സംബന്ധിച്ച് ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) ഏതെങ്കിലും സാക്ഷിയെ വിളിച്ചുവരുത്തുന്നതിനും ഹാജരാക്കൽ ഉറപ്പുവരുത്തുന്നതിനും സത്യപ്രസ്താവനയിന്മേൽ വിസ്തരിക്കുന്നതിനും;

(ബി) ഏതെങ്കിലും രേഖ കണ്ടെത്തുവാനും ഹാജരാക്കുവാനും ആവശ്യ പ്പെടുന്നതിനും;

(സി) സത്യവാങ്മൂലത്തിന്മേൽ തെളിവ് സ്വീകരിക്കുന്നതിനും;

(ഡി) സാക്ഷികളെ വിസ്തരിക്കുന്നതിനും അല്ലെങ്കിൽ സ്ഥലപരിശോധന നടത്തുന്നതിനും വേണ്ടി ഉപസമിതിയെ അയയ്ക്കുന്നതിനും;

(ഇ) തീരുമാനമെടുക്കുന്നതിലേയ്ക്കായി ഏതെങ്കിലും സ്ഥലമോ വസ്തുവോ പരിശോധിക്കുന്നതിനും;

(എഫ്) ഏതെങ്കിലും കോടതിയിൽ നിന്നോ അധികാരസ്ഥാനത്ത് നിന്നോ ഓഫീസിൽ നിന്നോ ഏതെങ്കിലും പൊതുരേഖയോ അതിന്റെ പകർപ്പോ ആവശ്യപ്പെടുന്നതിനും;

(ജി) നിർണ്ണയിക്കപ്പെടാവുന്ന രീതിയിലുള്ള മറ്റേതെങ്കിലും കാര്യത്തിനും.

(2) അതോറിറ്റി, സർക്കാരിനെ അറിയിച്ചശേഷം, തീരുമാനിച്ചപ്രകാരമോ അതിന്റെ ഏതെങ്കിലും സ്കീമിൽ വ്യവസ്ഥ ചെയ്ത പ്രകാരമോ നദീ സംരക്ഷണവുമായി ബന്ധപ്പെട്ട പഠനത്തിനോ അടിസ്ഥാന സൗകര്യ വികസനത്തിനോ വിവരശേഖരണത്തിനോ ഒരു പൊതു സ്ഥാപനവുമായോ സ്വകാര്യസ്ഥാപനവുമായോ ഏതെങ്കിലും കരാറിൽ ഏർപ്പെടുന്നതിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

(3) (2)-ാം ഉപവകുപ്പ് പ്രകാരമുള്ള കരാറുകളുടെ ക്രമീകരണങ്ങൾ സംബന്ധിച്ചും വിവരങ്ങളുടെ പൊതുസുരക്ഷ സംബന്ധിച്ചും റെഗുലേഷനുകളോ ഉത്തരവുകളോ പുറപ്പെടുവിക്കുന്നതിനും അതോറിറ്റിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

## അദ്ധ്യായം 4

## ശിക്ഷകൾ

11. വ്യവസ്ഥകൾ പാലിക്കുന്നതിൽ വീഴ്ച വരുത്തുന്നതിനുള്ള ശിക്ഷ.—ഈ ആക്റ്റിലെയോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയോ റെഗുലേഷനുകളിലെയോ വ്യവസ്ഥകൾ പാലിക്കുന്നതിൽ വീഴ്ച വരുത്തുന്ന ഏതൊരാളും, കുറ്റസ്ഥാപനത്തിന്മേൽ, രണ്ട് വർഷം വരെയാകാവുന്ന തടവ് ശിക്ഷയോ ഇരുപത്തി അയ്യായിരം രൂപ വരെയാകാവുന്ന പിഴ ശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടാവുന്നതാണ്.

12. മറ്റ് നിയമപ്രകാരമുള്ള ശിക്ഷയ്ക്ക് വിലക്കില്ലെന്ന്.—(1) ഈ ആക്റ്റോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടമോ റെഗുലേഷനോ പ്രകാരം ശിക്ഷാർഹമാക്കിയിട്ടുള്ള ഏതെങ്കിലും പ്രവർത്തിക്കോ വീഴ്ചയ്ക്കോ നദീ സംരക്ഷണവുമായി ബന്ധപ്പെട്ട് തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമപ്രകാരം ഒരാളുടെമേൽ ഏതെങ്കിലും നിയമ നടപടി സ്വീകരിക്കുന്നതിൽ ഈ ആക്റ്റിലെ യാതൊരു വ്യവസ്ഥയും തടസ്സമാകുന്നതല്ല.

(2) ഈ ആക്റ്റിൻ കീഴിൽ ചുമത്തിയ ശിക്ഷകൾ തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൻ കീഴിലുള്ള ഏതെങ്കിലും നിയമ നടപടിക്ക് പുറമെയും അതിന് കുറവ് വരാതെയും ആയിരിക്കുന്നതാണ്.

## അദ്ധ്യായം 5

## പലവക

13. വാർഷിക റിപ്പോർട്ട് നിയമസഭയുടെ മുമ്പാകെ വയ്ക്കണമെന്ന്.—(1) അതോറിറ്റി ഈ ആക്റ്റ് പ്രകാരമുള്ള അതിന്റെ ആ വർഷത്തെ പ്രവർത്തനങ്ങളുടെ ഒരു റിപ്പോർട്ട് തയ്യാറാക്കേണ്ടതും അത് നിർണ്ണയിക്കപ്പെടാവുന്ന ഫാറത്തിലും അങ്ങനെയുള്ള തീയതിക്കോ അതിനുമുമ്പോ സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം അതോറിറ്റി സർക്കാരിന് സമർപ്പിച്ചിട്ടുള്ള വാർഷിക റിപ്പോർട്ട് സർക്കാരിന് ലഭിച്ചാലുടൻതന്നെ എത്രയും വേഗത്തിൽ നിയമസഭയുടെ മുമ്പാകെ വയ്ക്കേണ്ടതാണ്.

14. കണക്കുകളും ആഡിറ്റും.—(1) അതോറിറ്റി ശരിയായ കണക്കുകളും മറ്റു പ്രസക്തമായ രേഖകളും സൂക്ഷിച്ചുപോരേണ്ടതും കണക്കുകളുടെ ഒരു വാർഷിക സ്റ്റേറ്റ്മെന്റ് നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഫാറത്തിൽ തയ്യാറാക്കേണ്ടതുമാണ്.

(2) അതോറിറ്റിയുടെ കണക്കുകൾ വർഷംതോറും ആഡിറ്റ് ചെയ്യേണ്ടതും ആഡിറ്റ് റിപ്പോർട്ട് നിയമസഭയുടെ മുമ്പാകെ വയ്ക്കേണ്ടതുമാണ്.

15. ആക്റ്റിന്റെ അധിപ്രഭാവം.—ഈ ആക്റ്റിലെ വ്യവസ്ഥകൾക്കോ അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും ചട്ടത്തിനോ ഉത്തരവിനോ അവയ്ക്ക് വിരുദ്ധമായി ഈ ആക്റ്റ് അല്ലാതെയുള്ള ഏതെങ്കിലും നിയമത്തിലോ ഈ ആക്റ്റ് അല്ലാതെയുള്ള ഏതെങ്കിലും നിയമത്താൽ പ്രഭാവമുള്ള ഏതെങ്കിലും രേഖയിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, പ്രഭാവമുണ്ടായിരിക്കുന്നതാണ്.

16. അതോറിറ്റിയിലെ അംഗങ്ങൾ പബ്ലിക് സർവന്റുമാർ ആയിരിക്കുമെന്ന്.—4-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നാമനിർദ്ദേശം ചെയ്യപ്പെട്ട അതോറിറ്റിയിലെ ഓരോ അംഗവും (2)-ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെടുന്ന സെക്രട്ടറിയും മറ്റു ജീവനക്കാരും 1860-ലെ ഇൻഡ്യൻ ശിക്ഷാനിയമം (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 21-ാം വകുപ്പിന്റെയോ അല്ലെങ്കിൽ 2023-ലെ ഭാരതീയ ന്യായസംഹിതയിലെ (2023-ലെ 45-ാം കേന്ദ്ര ആക്റ്റ്) 2-ാം വകുപ്പിന്റെ (28)-ാം ഉപവകുപ്പിന്റെയോ അർത്ഥവ്യാപ്തിയിൽ വരുന്ന ഒരു പബ്ലിക് സർവന്റായി കണക്കാക്കപ്പെടുന്നതാണ്.

17. ഉത്തമവിശ്വാസത്തിൽ ചെയ്ത പ്രവർത്തികൾക്ക് സംരക്ഷണം.—ഈ ആക്റ്റ് പ്രകാരം ഉത്തമവിശ്വാസത്തിൽ ചെയ്തതോ ചെയ്യാനുദ്ദേശിച്ചതോ ആയ ഏതെങ്കിലും കാര്യം സംബന്ധിച്ച് അതോറിറ്റിയിലെ ഏതെങ്കിലും അംഗങ്ങൾക്കോ സെക്രട്ടറിക്കോ മറ്റ് ഉദ്യോഗസ്ഥർക്കോ എതിരായി യാതൊരു വ്യവഹാരമോ നിയമനടപടിയോ നിലനിൽക്കുന്നതല്ല.

18. സിവിൽ കോടതിയുടെ അധികാരിതയ്ക്ക് വിലക്ക്.—ഈ ആക്റ്റോ അതിൻകീഴിലുണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾ വഴിയോ അതുപ്രകാരമോ അതോറിറ്റിയോ, സർക്കാരോ ഒത്തുതീർപ്പാക്കേണ്ടതോ, തീരുമാനിക്കേണ്ടതോ ചെയ്യേണ്ടതോ നിർണ്ണയിക്കപ്പെടേണ്ടതോ ആയ ഏതെങ്കിലും പ്രശ്നം ഒത്തുതീർപ്പാക്കുന്നതിനോ തീരുമാനിക്കുന്നതിനോ കൈകാര്യം ചെയ്യുന്നതിനോ അല്ലെങ്കിൽ ഏതെങ്കിലും കാര്യം

നിർണ്ണയിക്കുന്നതിനോ യാതൊരു സിവിൽ കോടതിക്കും അധികാരമുണ്ടായിരിക്കുന്നതല്ല.

19. വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം.—ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിൽ ഏതെങ്കിലും വൈഷമ്യങ്ങൾ ഉണ്ടാകുന്നപക്ഷം, സർക്കാരിന്, സന്ദർഭം ആവശ്യപ്പെടുന്നവിധം ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതും വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിന് ആവശ്യമെന്ന് തോന്നുന്നതുമായ ഏത് കാര്യവും ഉത്തരവുമൂലം ചെയ്യാവുന്നതാണ്:

എന്നാൽ, ഈ ആക്റ്റ് പ്രാബല്യത്തിൽ വന്ന തീയതി മുതൽ രണ്ട് വർഷത്തിനുശേഷം അങ്ങനെയുള്ള യാതൊരു ഉത്തരവും നൽകുവാൻ പാടില്ലാത്തതാണ്.

20. ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്ന ആവശ്യത്തിലേക്കായി, സർക്കാരിന്, ഗസറ്റ് വിജ്ഞാപനം മുഖേന ചട്ടങ്ങളോ റെഗുലേഷനുകളോ ഉണ്ടാക്കാവുന്നതാണ്.

(2) ഈ വകുപ്പിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ഓരോ ചട്ടവും അല്ലെങ്കിൽ റെഗുലേഷനും അതുണ്ടാക്കിയശേഷം കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ അതിന്റെ മുമ്പാകെ, അത് ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനു മുമ്പ് നിയമസഭ പ്രസ്തുത ചട്ടത്തിൽ ഏതെങ്കിലും രൂപഭേദം വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം അല്ലെങ്കിൽ റെഗുലേഷൻ ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്ന പക്ഷം, ആ ചട്ടത്തിന്, അതിനുശേഷം, അതതു സംഗതിപോലെ, അപ്രകാരം രൂപഭേദം വരുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ, അല്ലെങ്കിൽ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു; എന്നിരുന്നാലും, അപ്രകാരമുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ, റദ്ദാക്കലോ, ആ ചട്ടപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരുത്താത്ത വിധത്തിൽ ആയിരിക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

കേരള സംസ്ഥാനത്ത് നദീ എക്കോവ്യൂഹങ്ങളുടെ അപചയവും ജലമലിനീകരണവും ഗൗരവമാർന്ന പ്രശ്നങ്ങളായി പരിണമിച്ചിരിക്കുകയാണ്. ജലസ്രോതസ്സുകൾ യുദ്ധകാലാടിസ്ഥാനത്തിലും സമയബന്ധിതമായും സംരക്ഷിക്കപ്പെടാത്തപക്ഷം സംസ്ഥാനത്തിന്റെ പാരിസ്ഥിതിക-സാമൂഹ്യ-സാമ്പത്തിക-കാർഷിക മേഖലകളിൽ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാകുമെന്ന് വിവിധ പഠനങ്ങൾ വെളിപ്പെടുത്തിയിട്ടുണ്ട്. ജല സുരക്ഷയും പാരിസ്ഥിതിക സുസ്ഥിരതയും ഭാവിതലമുറയ്ക്ക് കൂടി ലഭ്യമാക്കുവാൻ നിലവിലുള്ള നദികളുടെ ശുദ്ധീകരണവും സുസ്ഥിരപരിപാലനവും ഉറപ്പാക്കേണ്ടതുണ്ട്. നദികളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് വളരെയധികം നിയമങ്ങൾ സംസ്ഥാനത്ത് നിലവിലുണ്ടെങ്കിലും ഏതെങ്കിലും ഒരു ആധികാരിക ഏജൻസിയുടെ മേൽനോട്ടം ഇല്ലാത്തത് വകുപ്പുകളുടെ ഏകോപനം ഇല്ലായ്മ സൃഷ്ടിക്കുകയും പദ്ധതികൾ നടപ്പാകാത്ത സ്ഥിതി സംജാതമാകുകയും നിയമപാലനത്തിൽ പിഴവുകൾ ഉണ്ടാകുവാൻ

ഇടയാക്കുകയും ചെയ്യുന്നു. നദികളുടെ സംരക്ഷണത്തിന് ജനകീയ പങ്കാളിത്തത്തോടെ അവയുടെ സർവ്വേ മുതലുള്ള പ്രവർത്തനങ്ങളും ബന്ധപ്പെട്ട വകുപ്പുകളുടെ ഏകോപിപ്പിച്ചുള്ള പ്രവർത്തനം ഉറപ്പാക്കുന്നതിനും നേതൃത്വം നൽകുന്നതിനും സ്റ്റാറ്റ്യൂട്ടറി അധികാരങ്ങളോടെയുള്ള ഒരു അതോറിറ്റി രൂപീകരിക്കേണ്ടതാണ്. അത് ഉദ്ദേശിച്ചുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ബില്ലിലെ 3-ാം ഖണ്ഡം പ്രകാരമുള്ള അതോറിറ്റി രൂപീകരണത്തിലും അതിന്റെ പ്രവർത്തനത്തിലും ആവർത്തകവും അനാവർത്തകവുമായ ചെലവുകൾ ഉണ്ടാകുന്നതാണ്. സംസ്ഥാന സഞ്ചിത നിധിയിൽ നിന്ന് വഹിക്കേണ്ടതായ ചെലവ് പ്രാരംഭ ഘട്ടത്തിൽ കൃത്യമായി കണക്കാക്കുവാൻ സാധിക്കുന്നതല്ല. എന്നിരുന്നാലും അതോറിറ്റിയുടെ പ്രവർത്തനം തുടങ്ങുന്നതിലേയ്ക്കായി പത്ത് ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കാവുന്നതാണ്.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

1. ബില്ലിലെ 3-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം, ഗസറ്റ് വിജ്ഞാപനം വഴി നദീ മാനേജ്മെന്റ് അതോറിറ്റി രൂപീകരിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

2. ബില്ലിലെ 4-ാം ഖണ്ഡം (3)-ാം ഉപഖണ്ഡം അതോറിറ്റിയെ സഹായിക്കുന്നതിന് സെക്രട്ടറിയെയും മറ്റ് ജീവനക്കാരെയും നിയമിക്കുന്നതിന്റെ രീതി നിർണ്ണയിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

3. ബില്ലിലെ 4-ാം ഖണ്ഡം (3)-ാം ഉപഖണ്ഡം സെക്രട്ടറിയുടെ യോഗ്യതകളും നിയമിക്കുന്നതിലുള്ള നിബന്ധനകളും ഉപാധികളും നിർണ്ണയിക്കുന്നതിനും ടിയാളെ ഗസറ്റ് വിജ്ഞാപനം മുഖേന നിയമിക്കുന്നതിനും സർക്കാരിനെ അധികാരപ്പെടുത്തുന്നു.

4. അതോറിറ്റിയുടെ ഭരണനിർവ്വഹണം, തീരുമാനങ്ങൾ നടപ്പാക്കൽ, അതോറിറ്റി ഏൽപ്പിക്കുന്ന കാര്യങ്ങളുടെ നടത്തിപ്പ് എന്നിവ റെഗുലേഷനുകളാൽ നിർണ്ണയിക്കുന്നതിന് ബില്ലിലെ 4-ാം ഖണ്ഡം (4)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

5. ബില്ലിലെ 5-ാം ഖണ്ഡം (4)-ാം ഉപഖണ്ഡം അതോറിറ്റിയുടെ ചെയർമാന്റെയും എക്സ്-ഒഫീഷ്യോ അല്ലാത്ത അംഗങ്ങളുടെയും ശമ്പളവും ബത്തകളും റെഗുലേഷനുകളാൽ നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

6. ബില്ലിലെ 5-ാം ഖണ്ഡം (5)-ാം ഉപഖണ്ഡം അതോറിറ്റിയുടെ കാര്യനിർവ്വഹണത്തിനായുള്ള നടപടിക്രമങ്ങൾ റെഗുലേഷൻ വഴി ചിട്ടപ്പെടുത്തുന്നതിന് അതോറിറ്റിയെ അധികാരപ്പെടുത്തുന്നു.

7. ബില്ലിലെ 6-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം അതോറിറ്റി യോഗം സംബന്ധിച്ച് റെഗുലേഷനുകളാൽ നിർണ്ണയിക്കുന്നതിന് അതോറിറ്റിയെ ചുമതലപ്പെടുത്തുന്നു.

8. ബില്ലിലെ 10-ാം ഖണ്ഡം (3)-ാം ഉപഖണ്ഡം പ്രകാരം അതോറിറ്റി ഏർപ്പെടുന്ന കരാറുകളുടെ ക്രമീകരണവും അതോറിറ്റിക്ക് ലഭ്യമാകുന്ന വിവരങ്ങളുടെ പൊതുസുരക്ഷ സംബന്ധിച്ചും റെഗുലേഷനുകൾ പുറപ്പെടുവിക്കുന്നതിന് അതോറിറ്റിയെ അധികാരപ്പെടുത്തുന്നു.

9. ബില്ലിലെ 14-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം അതോറിറ്റിയുടെ കണക്കുകളുടെ വാർഷിക സ്റ്റേറ്റുമെന്റ് തയ്യാറാക്കുന്നതിനുള്ള ഫോറം നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

10. ബില്ലിലെ 19-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം ബില്ലിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് എന്തെങ്കിലും വൈഷമ്യം ഉണ്ടാകുന്നപക്ഷം ആ വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിന് ബില്ലിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാകാത്ത ഉത്തരവ് പുറപ്പെടുവിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

11. ബില്ലിലെ 20-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം ബില്ലിലെ ആവശ്യങ്ങൾക്കായി, ഗസറ്റ് വിജ്ഞാപനം വഴി, ചട്ടങ്ങളും റെഗുലേഷനുകളും ഉണ്ടാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

12. ഏത് കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത് അല്ലെങ്കിൽ വിജ്ഞാപനങ്ങളോ ഉത്തരവുകളോ പുറപ്പെടുവിക്കാവുന്നത് അവ നടപടിക്രമങ്ങൾ സംബന്ധിച്ചുള്ളതോ സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോട് കൂടിയവ ആകുന്നു. കൂടാതെ, ചട്ടങ്ങൾ നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം അതിനാൽ, സാധാരണ സ്വഭാവത്തോടു കൂടിയതാണ്.

ഡോ. എൻ. ജയരാജ്.